**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2223** **12-02-2024 - ൽ മറുപടിയ്ക്ക്**

**ആരോഗ്യമേഖലയിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് കെയർ, വയോമിത്രം തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും ആയതിനു വേണ്ട മരുന്നുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആശുപത്രികളിൽ വാങ്ങി രോഗികൾക്ക് വിതരണം ചെയ്യുന്നു.<br><br>നവകേരളം കർമ്മപദ്ധതി 2 ന്റെയും റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വൺ ഹെൽത്ത് പരിപാടി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ആദ്യഘട്ടമായി കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാല് പമ്പാനദീതട ജില്ലകളിലായി പരിപാടി നടപ്പിലാക്കി വരികയും ചെയ്യുന്നു. പദ്ധതി ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും, സെക്രട്ടറിമാർക്കും അനുബന്ധ മിഷനുകളിലെ പ്രതിനിധികൾക്കും എൻ.ജി.ഒ. പ്രതിനിധികൾക്കുമായുള്ള പരിശീലനങ്ങൾ കിലയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.<br><br>സംസ്ഥാനത്ത് അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ/വ്യക്തികളെ കണ്ടെത്തി അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും അഞ്ചു കൊല്ലത്തിനുള്ളിൽ മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ്രവർത്തിക്കുന്ന പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി.<br><br>പ്രസ്തുത പദ്ധതിയിലൂടെ 14 ജില്ലകളിലുമായി ആകെയുള്ള 64006 അതിദാരിദ്ര്യ കുടുംബങ്ങളിലെ മുഴുവൻ കുടുംബാംഗങ്ങളെയും ആശാ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രാഥമിക സ്ക്രീനിങ്ങ് നടത്തുകയും അതിൽ 43151 പേർക്ക് വിവിധ തരത്തിലുള്ള രോഗങ്ങൾ ഉണ്ടെന്നു കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അർഹരായ 1788 പേർക്ക് ഭിന്നശേഷി |

സർട്ടിഫിക്കറ്റ് UDIDകാർഡ് ലഭ്യമാക്കിയിട്ടുണ്ട്. ഇവരിൽ 29840 പേർക്കും ആവശ്യമായ മരുന്നുകൾ സൗജന്യമായി ആശുപത്രികൾ വഴിയും വാതിൽപടി സേവനമായും നൽകിവരുന്നു. വിവിധ പരിശോധനകൾ ആവശ്യമായ 3360 പേർക്ക് സജന്യമായി പരിശോധന സൗകര്യങ്ങൾ നൽകിയിട്ടുണ്ട്. ഇതുവരെ 1077 പേർക്ക് സൗജന്യ ആംബുലൻസ് സർവ്വീസ് ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 7141 പേർക്ക് പാലിയേറ്റീവ് കെയർ സർവ്വീസ് നൽകി വരുന്നുണ്ട്.

അഞ്ച് വർഷങ്ങളിലായി (2021 -2026 ) 2968.28 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ സംസ്ഥാനം ഒട്ടാകെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് മുഖേന ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുവാൻ വേണ്ടി വിഭാവനം ചെയ്തിട്ടുള്ളത്. 15-ാം ധനകാര്യ കമ്മീഷനു കീഴിൽ അനുവദിച്ച ഫണ്ട് അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കുകയും പ്രോജക്ട് മുഖാന്തരം സ്ഥാപനങ്ങളുടെ ബൗദ്ധിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കൽ, ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കൽ, ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കൽ, 360 ഡിഗ്രി മെറ്റബോളിക് ക്ലിനിക്കുകൾ തുടങ്ങൽ, പോളി ഡെന്റൽ ക്ലിനിക്കുകൾ തുടങ്ങൽ, ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റുകൾ, അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റുകൾ എന്നീ സൗകര്യങ്ങൾ ഒരുക്കി വരുന്നുണ്ട്.

പാലിയേറ്റിവ് പരിചരണത്തിനായി പി.എച്ച്.സി.കളിലേയ്ക്ക് പാലിയേറ്റിവ് സ്റ്റാഫ് നഴ്സുമാരെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് അതത് ആശുപത്രികളിലേയ്ക്ക് പ്രോജക്ട് വയ്ക്കുന്നതു വഴി അനുവദിക്കുന്നു.

തദ്ദേശ സ്വയംഭരണ വകപ്പിന്റെ തുല്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് സാന്ത്വന പരിചരണ പദ്ധതി. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും തനത് ഫണ്ടിന്റെ നിശ്ചിത ശതമാനം രൂപ സാന്ത്വന പരിചരണത്തിനായി വകയിരുത്താറുണ്ട്. ആരോഗ്യമേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര ഇടപെടലുകൾ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് 2012-13 മുതൽ ആരോഗ്യ കേരളം പുരസ്കാരം നൽകുവാനാരംഭിച്ചത്. സംസ്ഥാന സർക്കാരിന്റെ നവകേരള മിഷന്റെ പശ്ചാതലത്തിൽ

| | | | |
|---|---|---|---|
| | | | 2017 ൽ മേൽ പുരസ്കാരം ആർദ്രകേരളം പുരസ്കാരമായി പുനർനാമകരണം ചെയ്തു.<br><br>15-59 വയസ്സ് വരെയുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും വിളർച്ച ഉണ്ടോ എന്ന് പരിശോധിച്ച് വേണ്ട ചികിത്സ നൽകുന്നതിനും പൊതുവിൽ അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി വിവകേരള പദ്ധതി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ജനകീയാരോഗ്യ കേന്ദ്രങ്ങളും വഴി നടപ്പിലാക്കി വരുന്നു.<br><br>ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി 2007 ലാണ് കേരളത്തിൽ ആശാ പദ്ധതി ആരംഭിക്കുന്നത്. ആയിരം ജനങ്ങൾക്ക് ഒരു ആശ എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത് എങ്കിലും ആശമാരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വാർഡ് ഹെൽത്ത്, സാനിട്ടേഷൻ & ന്യൂട്രീഷൻ കമ്മിറ്റിയിൽ ആശയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും സഹായകരമാകുന്നതിന് ഒരു വാർഡിൽ ഒരു ആശ എന്ന രീതിയിൽ നിലവിലുള്ള ആശാ പ്രവർത്തകരെ 2018 ൽ പുന:ക്രമീകരിച്ചു. ആശ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടന്നു വരുന്നത്. ആശമാരുടെ തെരഞ്ഞെടുപ്പിലും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിലുമെല്ലാം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനമാണ്. വയോജനാരോഗ്യ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന വയോജന സൗഹൃദ പരിപാടികൾക്കും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പൂർണ്ണ പിന്തുണ ലഭിക്കാറുണ്ട്. |
| (ബി) | നിലവിൽ ആരോഗ്യവകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ